പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** — 8-12-2015 ൽ മറുപടിക്ക്

## പൊതുമേഖല വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. സി.രവീന്ദ്രനാഥ്**<br>**ശ്രീ.എളമരം കരീം**<br>**ശ്രീ. പി.ശ്രീരാമകൃഷ്ണൻ**<br>**ശ്രീമതി.കെ.എസ്.സലീഖ** | | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പൊതുമേഖല വ്യവസായങ്ങളോടുള്ള താല്പര്യം അവയെ നല്ല നിലയിൽ പ്രവർത്തനക്ഷമമാക്കാൻ എത്രത്തോളം സാധിക്കുന്നുണ്ടോ ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ള വയാക്കുന്നതിനുള്ള പദ്ധതികളും പരിപാടികളുമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. |
| (ബി) | പ്രതിരോധ മേഖലയടക്കം രാജ്യത്തിന്റെ വിവിധ തരത്തിലുള്ള പ്രധാന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കാൻ വേണ്ട സജ്ജീകരണങ്ങളുള്ള വ്യവസായ സ്ഥാപനങ്ങൾ മതിയായ ഓർഡറുകൾ ലഭ്യമാകാതെ പ്രതിസന്ധി നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രതിരോധമേഖലയടക്കമുള്ളവയിൽ നിന്നും മത്സരാധിഷ്ടിത ടെണ്ടർ മുഖേനയാണ് ഓർഡറുകൾ ലഭിക്കുന്നത്. ഉയർന്ന ഉൽപ്പാദനച്ചെലവ് മൂലം മറ്റ് സ്ഥാപനങ്ങളുമായി കടുത്ത മത്സരം നേരിടേണ്ടിവരുന്നു എന്നതാണ് പൊതുമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ഇതോടൊപ്പം തന്നെ വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതിയും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഇക്കാരണത്താൽ പ്രതിരോധമേഖലയടക്കമുള്ള എല്ലാ മേഖലകളിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാകത്തക്ക വിധത്തിൽ ഉൽപ്പാദനചെലവു കുറച്ച് കൂടുതൽ സാങ്കേതിക മികവ് കൈവരിച്ച് മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുമ്പോഴും, അന്യരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രതിസന്ധിയിലാക്കുന്ന സമീപനം നടക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ ; | | |
| (ഡി) | എങ്കിൽ സംസ്ഥാനത്തെ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രതിസന്ധിയിൽ നിന്ന് സംരക്ഷണം ലഭിക്കുന്ന തരത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | പൊതുമേഖലാസ്ഥാപനങ്ങളെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളും നയപരിപാടികളുമാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ |

മാനേജ്മെൻറ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്നനടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പം തന്നെ വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ .നടപടികളും സ്വീകരിച്ചുവരുന്നു.

നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക മുഖേനഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, കാലപ്പഴക്കം ചെന്ന മെഷീനറികളുടെ നവീകരണം നടപ്പിലാക്കിയും സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന നടപടി കളും സ്വീകരിച്ചുവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ / ഹ്രസ്വകാല പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏകദേശം 839.90 കോടി രൂപയുടെ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ